# സ്നാനത്തിൽ നാം എന്തു ചെയ്യുന്നു?

സ്നാനപ്പെടുമ്പോൾ, സ്നാനത്തിൽ നാലു ആശയങ്ങൾ അടങ്ങി യിരിക്കുന്നതു മനസ്സിലാക്കണം. നാം ക്രിസ്ത്യാനികളാകുമ്പോൾ എന്തു സംഭവിക്കുന്നു എന്നു ചിത്രീകരിക്കുന്നതാണ് ആ നാല് ആശയങ്ങൾ.

**നാം നല്കുന്നു**

നാം സ്നാനപ്പെടുമ്പോൾ, നാം വിശ്വാസത്താൽ നമ്മെത്തന്നെ ദൈവ ത്തിന്നു ഏല്പിക്കണം, അപ്പോൾ അവന്നു നമ്മിൽ ശരിയായി പ്രവർത്തി ക്കുവാൻ കഴിയും (കൊലൊസ്യർ 2:12). ഈ സമയത്തു നാം ശ്രദ്ധയോടെ ദൈവ വചനം പരിഗണിച്ചിരിക്കണം (യോഹന്നാൻ 6:45; പ്രവൃത്തികൾ 18:8). നാം യേശുവിന്നു നമ്മെ ഭരമേല്പിക്കുവാൻ തീരുമാനിക്കുമ്പോൾ, നാം ലോകത്തെ സേവിക്കുന്നതു വിട്ടു നീതിക്കു ദാസന്മാരായി തീരുന്നു (റോമർ 6:17, 18). കൂടാതെ വാക്കുകൾ കൊണ്ട് യേശു കർത്താവാണ്, ക്രിസ്തുവാണ്, ദൈവപുത്രനാണ് എന്നു ഹൃദയത്തിൽ വിശ്വസിച്ചു കൊണ്ടു വാക്കുകൾ കൊണ്ടു സാക്ഷ്യപ്പെടുത്തണം (റോമർ 10:9, 10). സ്നാനത്തിൽ നമ്മെ യേശുവിന്നു ഏല്പിക്കുന്നതിനാൽ നമ്മുടെ കഴിഞ്ഞ കാല പാപങ്ങളെ മരിപ്പിച്ചു കഴിഞ്ഞാൽ നമുക്കു അവന്നു വേണ്ടി പുതിയ ജീവിതത്തിലേക്കു പ്രവേശിക്കുവാൻ കഴിയും (റോമർ 6:4).

**നമുക്കു ലഭിക്കുന്നു**

നാം ഈ വിധത്തിൽ നമ്മെ നല്കിയാൽ, നമുക്കു യേശുവിന്റെ രക്തത്താൽ ദൈവത്തിന്റെ പാപമോചനം ലഭിക്കും (പ്രവൃത്തികൾ 2:38; കൊലൊസ്യർ 2:12, 13; എബ്രായർ 9:22). അവന്റെ രക്തം നമ്മുടെ പാപ ങ്ങൾ കഴുകിക്കളയും (പ്രവൃത്തികൾ 22:16; വെളിപ്പാട് 1:5) രക്ഷയും നല്കും (മർക്കൊസ് 16:15, 16; 1 പത്രൊസ് 3:21). കഴിഞ്ഞ പാപങ്ങൾ പോക്കി നമ്മെ ശുദ്ധീകരിക്കുന്നതുകൊണ്ടു നമുക്ക് ഒരു പുതിയ ആരം ഭവും ശുദ്ധമനസ്സാക്ഷിയും ലഭിക്കും (1 പത്രൊസ് 3:21). നാം സ്നാനം ഏല്ക്കുമ്പോൾ, നാം ഒരു പുതിയ ജീവിതം ആരംഭിക്കുന്നു (റോമർ 6:4).

**നാം ആയിത്തീരുന്നു**

നമ്മുടെ പാപങ്ങൾ മായിച്ചു കളഞ്ഞശേഷം, നാം ക്രിസ്തുവിൽ പുതിയ സൃഷ്ടികളാകുന്നു (2 കൊരിന്ത്യർ 5:17). വീണ്ടും ജനിക്കുന്നതി നാൽ (യോഹന്നാൻ 3:3–5), നാം ദൈവമക്കളായിത്തീരുന്നു (ഗലാത്യർ 3:26). നാം ക്രിസ്തുവിനോടു ഏകീഭവിക്കുമ്പോൾ (റോമർ 6:5), നാം

അവന്നു പങ്കാളികളാകുന്നു (എബ്രായർ 3:14) അവന്റെ സ്വഭാവവും നമ്മിലാകുന്നു (2 പത്രൊസ് 1:4; നോക്കുക 2 കൊരിന്ത്യർ 5:21). നാം ക്രിസ്തുവിനെ "ധരിക്കുന്നു" (ഗലാത്യർ 3:27) നാം അവനെ പോലെ ആകുവാൻ വളരുന്നു, അവന്റെ രൂപത്തോടു അനുരൂപരാകുവാനാണ് (2 കൊരിന്ത്യർ 3:18).

**നാം പ്രവേശിക്കുന്നു**

ദൈവമക്കൾ ആകുന്നതോടെ, നാം ദൈവത്തിന്റെ കുടുംബത്തിൽ, അവന്റെ ഭവനമാകുന്ന, അവന്റെ സഭയിൽ പ്രവേശിക്കുന്നു (1 തിമൊഥെയൊസ് 3:15). സഭയും ശരീരവും ഒന്നാകുന്നു (എഫെസ്യർ 1:22, 23). സ്നാനം മുഖാന്തരമാണ് നാം ക്രിസ്തുവിന്റെ ശരീരത്തിൽ പ്രവേശിക്കുന്നത് (1 കൊരിന്ത്യർ 12:13, 27), സഭ യേശു പണിതതും (മത്തായി 16:18) അവൻ അതിന്റെ തലയുമാണ് (എഫെസ്യർ 5:23). ക്രിസ്തുവിനോടും അവന്റെ ശരീരത്തോടും ചേരുവാൻ സ്നാനം ഏല്ക്കുമ്പോൾ (റോമർ 6:3; ഗലാത്യർ 3:27), ക്രിസ്തു, തലയായി നല്കുന്ന സകല ആത്മിക അനുഗ്രഹങ്ങളും ലഭിക്കുന്നു. ഇതിൽ സകല ആത്മിക അനുഗ്രഹങ്ങളും ഉൾപ്പെടുന്നു (എഫെസ്യർ 1:3), അതിൽ പുതിയ സൃഷ്ടിയാകുന്നതും (2 കൊരിന്ത്യർ 5:17) ഉൾപ്പെടുന്നു. അവന്റെ രക്തത്താൽ, നമുക്കു പാപമോചനം എന്ന വീണ്ടെടുപ്പും, കൃപയും, രക്ഷയും, നിത്യ ജീവനും ഉണ്ട് (എഫെസ്യർ 1:7; 2 തിമൊഥെയൊസ് 2:1; 2:10; 1 യോഹന്നാൻ 5:11).

യേശുവിൽ പ്രവേശിക്കുന്നതിനുമുൻപു, നാം "ക്രിസ്തുവിനെ കൂടാതെയുള്ളവരും, യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവം ഇല്ലാത്തവരും ആയിരുന്നു. എന്നാൽ ഇപ്പോൾ ക്രിസ്തുയേശുവിൽ മുൻപ് ദൂരസ്ഥരായിരുന്ന നമ്മെ ക്രിസ്തുവിന്റെ രക്തം സമീപസ്ഥരാക്കിമാറ്റി" (എഫെസ്യർ 2:12, 13). പാപമാണ് നമ്മെ ദൈവത്തിൽ നിന്നും അകറ്റുന്നത് (യെശയ്യാവ് 59:1, 2) അവൻ നമ്മിൽ നിന്നു മുഖം തിരിക്കുന്നതും (1 പത്രൊസ് 3:12). നാം സ്നാനം ഏല്ക്കുമ്പോൾ, നാം യേശുവിനോടു ചേരുന്നു (റോമർ 6:3; ഗലാത്യർ 3:27). നമ്മുടെ പാപങ്ങൾ മോചിക്കുകയും (പ്രവൃത്തികൾ 2:38; 22:16), നാം പിന്നെ ഒരിക്കലും ദൈവമില്ലാത്തവരും ക്രിസ്തുവിനെ കൂടാതെ ഉള്ളവരും ആകുന്നില്ല.

© 2009 Truth for Today